**അടിയന്തരപ്രമേയം**

## സ്ത്രീകൾക്കെതിരെയുള്ള പീഡനം

മി. സ്പീക്കർ: സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കുറ്റകൃത്യങ്ങളും കൂട്ടബലാത്സംഗങ്ങളും സ്ത്രീകളെ അപമാനിക്കുന്ന സംഭവങ്ങളും ക്വട്ടേഷൻ സംഘങ്ങളുടെ അക്രമങ്ങളും വ്യാപകമാകുന്നതുമൂലം ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ തടയാനും പ്രതികളെ കണ്ടെത്തുവാനും പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നുവെന്ന് മാത്രമല്ല പ്രതികൾക്ക് ഒത്താശ ചെയ്യാൻ പോലീസ് തയ്യാറാകുന്നതായിട്ടാണ് മാധ്യമ പ്രവർത്തകർ സൂചിപ്പിക്കുന്നത്. അതീവ ഗുരുതരമായി പറയപ്പെടുന്ന ഈ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാനത്തെ പല സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങളും കൂട്ടബലാത്സംഗങ്ങളും സംഭവിക്കുന്നതായി ആരോപിച്ചാണ് ശ്രീ. അനിൽ അക്കര

അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ഇതിൽ മൊത്തം അഞ്ച് കേസ്സുകളാണ് സൂചിപ്പിക്കുന്നത്. രണ്ടെണ്ണം ബലാത്സംഗ കേസ്സുകളും മൂന്നെണ്ണം സ്ത്രീകളെ അപമാനിച്ചതുമായി ബന്ധപ്പെട്ട കേസ്സുകളുമാണ്.

ഒന്ന്, തൃശ്ശൂർ വടക്കാഞ്ചേരി സ്വദേശിനിയായ, 34 വയസ്സുള്ള യുവതിയെ 2014 ഏപ്രിൽമാസം അവസാന ആഴ്ചയിൽ ഒരു ദിവസം ഉച്ചയ്ക്ക് ഒരു മണിയോടെ തലപ്പിള്ളി താലൂക്ക്, മിണാലൂർ വില്ലേജ്, പറങ്ങനാട് വീട്ടിൽ ജയന്തൻ യുവതിയുടെ ഭർത്താവിന് അപകടം സംഭവിച്ചുവെന്നും ഉടനെ കാറിലേക്ക് ചെല്ലണമെന്നും ഫോണിൽ അറിയിച്ചതനുസരിച്ച് ചെന്ന യുവതിയെ ജയന്തൻ, ജയന്തന്റെ അനുജൻ ജിനീഷ്, ബിനീഷ്, ഷിബു എന്നിവർ ചേർന്ന് കാറിൽ കയറ്റിക്കൊണ്ട് പോയി തിരുവുള്ളക്കാവിനടുത്തുള്ള ആളൊഴിഞ്ഞ വീട്ടിൽവച്ച് ബലാത്സംഗം ചെയ്തുവെന്നും നഗ്നചിത്രങ്ങളെടുത്തുവെന്നും പരാതിയിൽ പറയുന്നു. 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജയന്തൻ നഗ്നചിത്രം കാണിച്ച് ഭീഷണിപ്പെടുത്തി വീണ്ടും ബലാത്സംഗം ചെയ്തുവെന്നും 13-08-2016-ൽ തൃശ്ശൂർ ജില്ലാ വനിതാസെൽ ഡിവൈ.എസ്.പി. മുമ്പാകെ ഒരു പരാതി നൽകി. പരാതിപ്രകാരം രണ്ടുസമയങ്ങളിൽ ബലാത്സംഗം നടന്നതായി പറയുന്നത് 2014-ലും 2015-ലുമാണ്. 13-08-2016-ലെ പരാതി, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ

ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ IPC 376(d), 566(1) എന്നീ വകുപ്പുകൾപ്രകാരം ക്രൈം നം. 1651/16 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് അന്വേഷണം പേരാമംഗലം പോലീസ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതുമാണ്. പേരാമംഗലം പോലീസ് ഇൻസ്പെക്ടർ 17-08-2016-ന് പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്നും ജയന്തന് കടം കൊടുത്തിരുന്ന മൂന്നര ലക്ഷം രൂപ തിരിച്ചുകിട്ടുന്നതിനായി വക്കീലിന്റെ നിർദ്ദേശപ്രകാരമാണ് പരാതി നൽകിയതെന്ന് പറഞ്ഞിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷപ്രകാരം വടക്കാഞ്ചേരി മജിസ്ട്രേറ്റ് 164 CRPC പ്രകാരം യുവതിയുടെ മൊഴി രേഖപ്പെടുത്തിയപ്പോൾ ഇക്കാര്യം ആവർത്തിച്ചിട്ടുള്ളതുമാണ്. ഈ കേസ്സിൽ കുറ്റകൃത്യം നടത്തിയിട്ടില്ലെന്ന് മജിസ്ട്രേറ്റിനുമുന്നിൽ മൊഴി നൽകാൻ പോലീസ് ഉദ്യോഗസ്ഥർ പ്രേരിപ്പിച്ചെന്നും പോലീസ് മോശമായി പെരുമാറിയെന്നുമുള്ള പരാതി വാർത്താമാധ്യമങ്ങളിലൂടെ ഇന്നലെയാണ് (03-11-2016) വെളിപ്പെടുത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് ഒരു കാലതാമസവും കൂടാതെ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് കമ്മീഷണർ ഓഫ് പോലീസിന് ഇന്നലെ തന്നെ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ഗുരുവായൂർ എ.സി.പി. അന്വേഷണം നടത്തിവരികയാണ്.

രണ്ട്, പാലക്കാട് ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉലാക്കോട് നെല്ലായ എന്ന സ്ഥലത്ത് താമസിക്കുന്ന 18 വയസ്സുള്ള രണ്ടാം വർഷം ബി.എ. വിദ്യാർത്ഥിനിയായ യുവതിയെ 26-10-2016-ന് ഉച്ചയ്ക്ക് രണ്ടേകാൽ മണിമുതൽ കാണാതായ സംഭവത്തിൽ യുവതിയുടെ സഹോദരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ആക്ട് 57 വകുപ്പ് പ്രകാരം ക്രൈം നം. 856/2016 ആയി ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ് പോലീസ് ഗൗരവമായി അന്വേഷിക്കുകയും യുവതിയെ 31-10-2016-ന് കൊല്ലത്തുനിന്നും കണ്ടെത്തുകയും ചെയ്തു. തുടർന്ന്, പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തി വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. വൈദ്യപരിശോധനയിൽ ലൈംഗികവേഴ്ച നടന്നുവെന്ന് വെളിവായതിനാൽ കേസ്സിലെ K.P. ആക്ടിലെ 57 വകുപ്പ് ഒഴിവാക്കി 57 IPC, 366, 376 read with section 34 എന്നീ വകുപ്പുകൾ ചേർത്ത് കേസ്സന്വേഷണം ചെർപ്പുളശ്ശേരി പോലീസ് ഇൻസ്പെക്ടർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

മൂന്ന്, തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ രാജാജിനഗറിൽ താമസിക്കുന്ന 17 വയസ്സുള്ള യുവതി തൈക്കാട് ആശുപത്രിയിൽ 27-10-2016-ന് പ്രസവിച്ചശേഷം ഉയർന്ന പരാതി സംബന്ധിച്ചാണ് അടുത്ത കേസ്സ്.

പരാതിയെത്തുടർന്ന് വനിതാ എസ്.ഐ. മൊഴി രേഖപ്പെടുത്തി തമ്പാനൂർ പോലീസ് സ്റ്റേഷൻ IPC 376, POCSO Act 3, 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 1468/16 ആയി കേസ്സെടുത്തു. സംഭവത്തിന്റെ കൃത്യസ്ഥലം കരമന പോലീസ് സ്റ്റേഷൻ അതിർത്തിയിലായതിനാൽ കരമന പോലീസ് സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്രൈം നം. 1642/16 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതി അനീഷിനെ 31-10-2016-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്.

നാല്, എറണാകുളം കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ പിണ്ടിമനയിൽ 17 വയസുള്ള യുവതിയെ 02-11-2016-ന് രാത്രി 10.30 മണിയോടെ രണ്ടുപേർ വീട്ടിലെ ഹാളിൽവച്ച് ഇടംകാലിട്ട് വീഴ്ത്തിയശേഷം ഒരാൾ യുവതിയുടെ വായ പൊത്തിപിടിച്ച് ഗുളിക വായിലിട്ട് കൊടുത്തതായും മറ്റേയാൾ യുവതിയെ ബലാത്സംഗം ചെയ്തതായുമാണ് പരാതി. വനിതാ സി.പി.ഒ. മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ രണ്ടുപേരെ പ്രതികളാക്കി IPC 450, 376(d), POCSO Act 3(a), 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 2779/16 ആയി കോതമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് കോതമംഗലം പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ ഇപ്പോൾ

നടത്തിക്കൊണ്ടിരിക്കുകയാണ്.

അഞ്ച്, തിരുവല്ല കുറ്റപ്പുഴയിൽ 40 വയസ്സുള്ള സ്ത്രീയെ അയൽവാസിയും സ്ത്രീയുടെ ഭർത്താവിന്റെ ബന്ധുവുമായ മൈലംമൂട്ടിൽ രാഘവൻ മകൻ അജയൻ 31-10-2016-നുമുമ്പുള്ള പല ദിവസങ്ങളിൽ വീട്ടിൽ മറ്റാരുമില്ലാത്ത സമയം സ്ത്രീയെ പീഡിപ്പിക്കുന്നതിനും മറ്റുമായി കഴുത്തിനുംമറ്റും പിടിച്ചമർത്തുകയും ആഗ്രഹത്തിന് വഴങ്ങാത്തതിനാൽ ഫോണിൽ വിളിച്ച് അസഭ്യം പറയുന്നുവെന്നും മറ്റും കാണിച്ച് തിരുവല്ല ഡിവൈ.എസ്.പി. മുമ്പാകെ പരാതിപ്പെട്ട കാര്യത്തിന് തിരുവല്ല പോലീസ് സ്റ്റേഷൻ IPC 452, 294(b), 566(1), 323 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 31-10-2016-ന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസ്സ് തിരുവല്ല എസ്.ഐ. അന്വേഷിച്ച് വരുന്നു. മേൽപ്പറഞ്ഞ സ്ത്രീ പട്ടികവർഗ്ഗത്തിൽപ്പെട്ടയാളും പ്രതി പുലയ സമുദായത്തിൽപ്പെട്ടയാളുമാണ്.

വ്യത്യസ്ത കാലങ്ങളിൽ നടന്ന മേൽപ്പറഞ്ഞ അഞ്ച് കേസ്സുകളിലും പോലീസ് ഇപ്പോൾ ജാഗ്രതയോടെയും കാര്യക്ഷമതയോടെയും അന്വേഷണം നടത്തിവരുന്നുണ്ട്. ചില കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും റിമാന്റിലാക്കുകയും ചെയ്തു. ഇത്തരം കേസ്സുകളിൽ പ്രതികളുടെ മുഖം നോക്കാതെയുള്ള നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ട് വരുന്നത്. ഈ കേസ്സുകളിൽ

അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട ഒരു സാഹചര്യവുമില്ല.

ശ്രീ. അനിൽ അക്കര: സർ, കേരളത്തിന്റെ വജ്ര ജൂബിലി ആഘോഷങ്ങൾ രണ്ടുദിവസം മുമ്പാണ് അഭിമാനപൂർവ്വം കൊണ്ടാടിയത്. കേരളത്തിന്റെ തനിമ, പാരമ്പര്യം, സംസ്കാരം, സാക്ഷരത, സൗന്ദര്യം, സ്ത്രീപക്ഷ നിലപാടുകൾ, സ്ത്രീസൗഹൃദ നിലപാടുകൾ ഇവയൊക്കെ ഏറെ ഉയർത്തിയാണ് നമ്മൾ നവകേരള സങ്കൽപ്പത്തിലേക്ക് പോയത്. പക്ഷേ ഇതിന്റെ മഷി ഉണങ്ങുംമുമ്പ് "ലജ്ജിക്കൂ കേരളമേ" എന്ന തലക്കെട്ടോടെയും രോദനത്തോടെയുമാണ് ഇന്ന് മലയാളനാട് ഉണർന്നത് എന്നുകാണുമ്പോൾ വളരെയധികം സങ്കടമുണ്ടാവുകയാണ്. ഇവിടെ നിയമ വകുപ്പുമന്ത്രികൂടിയായ ശ്രീ. എ. കെ. ബാലൻ എന്റെ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദീകരണം നൽകി. അങ്ങ് ആ വിഷയത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം തെറ്റാണ്. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ അങ്ങയെ ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചു എന്നറിയുമ്പോൾ ദുഃഖം തോന്നുകയാണ്. ഈ സംഭവം നടന്നത് തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി പഞ്ചായത്തിലുള്ള അത്താണി എന്ന പ്രദേശത്താണ്. പേരാമംഗലം പോലീസ്

കേസ്സെടുത്ത് രജിസ്റ്റർ ചെയ്തുവരികയാണ് എന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞത്. ഈ കേസ് രജിസ്റ്റർ ചെയ്തത് പേരാമംഗലം പോലീസ് സ്റ്റേഷനിലല്ല, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലാണ് രജിസ്റ്റർ ചെയ്തത്. അതുകൊണ്ട് പോലീസ് വളരെ ലാഘവ ബുദ്ധിയോടെയാണ് ഈ വിഷയം കാണുന്നത് എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയത്തിൽ കുറച്ച് ദിവസങ്ങൾക്കുമുമ്പ് അങ്ങ് പറഞ്ഞതുപോലെ, ഇത് പഴയകാലത്ത് ആരോ ചെയ്തത് എന്ന് സ്ഥാപിക്കാനുള്ള ശ്രമവും ഇവിടെ നടത്തുന്നുണ്ട്. അത് വളരെ മോശമാണ് എന്നുപറയാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവമുണ്ടായത് 2014 ഏപ്രിൽ മാസത്തിലാണ്. 2014 ഫെബ്രുവരി മാസത്തിലാണെന്നാണ് അങ്ങ് പറഞ്ഞത്. അത് പൂർണ്ണമായും തെറ്റാണ്. ഇത് അങ്ങ് പറഞ്ഞ പോലീസ് സ്റ്റേഷനിൽ സൈബർ സെല്ലിൽ കൊടുത്ത പരാതിയുടെ പകർപ്പും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് 2016 ഓഗസ്റ്റ് 13-ാം തീയതി രജിസ്റ്റേർഡായി അയച്ച പരാതിയുടെ പകർപ്പുമാണ് (പരാതിയുടെ പകർപ്പ് ഉയർത്തിക്കാണിച്ചു. പരാതിക്കാസ്പദമായ സംഭവം നടന്നത് ഫെബ്രുവരി മാസത്തിലല്ല. അങ്ങയെ പോലീസ് ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുവെന്നാണ് ഞാൻ പറയാൻ

ആഗ്രഹിക്കുന്നത്. ഓഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ ആഴ്ചയിൽ പരാതിക്കാരിയും ഭർത്താവും വടക്കാഞ്ചേരി കോടതിയുടെ പ്രമുഖ അഭിഭാഷകയായ വസന്ത പ്രമോദും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കൗൺസിലിംഗ് നടത്തുന്ന മാല എന്ന യുവതിയും ചേർന്ന് എന്നെ കണ്ട് രണ്ടുമണിക്കൂർ സംസാരിച്ചാണ് എനിക്ക് പരാതിയുടെ പകർപ്പ് നൽകിയത്. വടക്കാഞ്ചേരി കോടതിയിലെ പ്രമുഖ അഭിഭാഷകയായ വസന്ത പ്രമോദിനെ വടക്കാഞ്ചേരിക്കാരനും സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന് അറിയാവുന്നതാണ്. പരാതിക്കാരിക്കുണ്ടായ മുഴുവൻ അനുഭവങ്ങളും അവർ വിശദീകരിച്ചു. ഞാൻ ആ വിഷയങ്ങളിലേക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. അത്തരത്തിലുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ പറ്റിയ ഒരു വേദിയുമല്ല ഇതെന്ന് എനിക്കറിയാം. എന്റെ സംസ്കാരവും അതിനനുവദിക്കാത്തതുകൊണ്ട് ഞാനതിന്റെ ഡീപ്പിലേക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. ഈ പരാതിക്കുശേഷം അവർ പേരാമംഗലം സി.ഐ. ശ്രീ. മണികണ്ഠനുമുന്നിൽ മൊഴി കൊടുത്തപ്പോൾ അദ്ദേഹം വളരെ മോശമായിട്ടാണ് അവരോട് പെരുമാറിയത്. അദ്ദേഹം ഉപയോഗിച്ച വാക്കുകൾ ഫെയ്സ് ബുക്കിൽ നമ്മൾ കണ്ടതാണ്. ആ വാക്കുകളും ഞാൻ ഇവിടെ

പറയാൻ ഉദ്ദേശിക്കുന്നില്ല. എനിക്കും അമ്മയും സഹോദരിമാരും മക്കളുമുള്ളതുകൊണ്ടാണ് ആ വാക്കുകൾ ഞാൻ ഇവിടെ സൂചിപ്പിക്കാത്തത്.

2014 ഏപ്രിൽ അവസാന ആഴ്ചയിലെ ഒരു ദിവസം ഉച്ചയ്ക്ക് ഒരു മണിക്ക് ജയന്തൻ ഫോൺ ചെയ്തുവിളിച്ചാണ് പരാതിക്കാരിയെ പച്ച ക്വാളിസ് വാഹനത്തിൽ കൊണ്ടുപോകുന്നത്. പരാതിക്കാരിയുടെ ഭർത്താവും ജയന്തന്റെ സുഹൃത്തുമായ മഹേഷിന് ആക്സിഡന്റുണ്ടായി എന്നുപറഞ്ഞാണ് അവരെ കൊണ്ടുപോയത്. കുറുക്കഞ്ചേരിയിലുള്ള എലൈറ്റ് ആശുപത്രി പിന്നിട്ട് വാഹനം പോയപ്പോൾ എവിടേക്കാണ് പോകുന്നതെന്ന് പരാതിക്കാരി ചോദിച്ചപ്പോൾ ഒരാളെക്കൂടി വിളിക്കാനുണ്ട് എന്നുപറഞ്ഞാണ് പോയത്. അതിനുശേഷം പണിതുകൊണ്ടിരിക്കുന്ന ഒരു വീടിനുമുന്നിൽ വാഹനം നിർത്തി. ജയന്തൻ എന്ന കൗൺസിലർ ഞങ്ങളുടെ ജില്ലയിൽ കെട്ടിടനിർമ്മാണ കരാർ ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടറാണ്. അദ്ദേഹം സി.പി.ഐ.(എം)-ൽ പ്രവർത്തിക്കാൻ തുടങ്ങിയത് അടുത്ത കാലത്താണ്. ഈ വിഷയം മാർക്സിസ്റ്റ് പാർട്ടിയുമായോ അല്ലെങ്കിൽ മറ്റൊരു രാഷ്ട്രീയ വിഷയവുമായോ ബന്ധപ്പെടുത്താൻ ഒരു ശതമാനം പോലും ഞാൻ ആഗ്രഹിക്കുന്നില്ല. പീഡനത്തിന്റെ കാര്യങ്ങൾ എഴുതിയിരിക്കുന്നത് വായിച്ചാൽ...... അത്രയും മോശപ്പെട്ട രീതിയിലാണ് ആ

സ്ത്രീ പിഡിപ്പിക്കപ്പെട്ടത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പരാതിക്കാരിയുമായി തെളിവെടുപ്പിന് പോയപ്പോൾ "പണിതീരാത്ത വീട് എവിടെ" എന്നാണ് പോലീസ് ചോദിച്ചത്. ആ വീട്ടിലാണ് എന്നെ പീഡിപ്പിച്ചതെന്ന് പരാതിക്കാരി പറഞ്ഞപ്പോൾ അത് പണിതീരാത്ത വീടല്ലല്ലോ എന്നുപറഞ്ഞ് പരിഹസിക്കുകയാണ് ചെയ്തത്. രണ്ട് വർഷം മുമ്പ് പണിനടന്ന വീട് രണ്ട് വർഷം കഴിഞ്ഞാലും പണി തീരാത്ത വീടായി കിടക്കണം എന്ന് ഏത് നിയമത്തിലാണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതിനുശേഷവും അവർ ഈ വിഷയം പ്രധാനപ്പെട്ട പലരുമായും സംസാരിച്ചിരുന്നു. കൗൺസിലിംഗ് നടത്തുന്ന മാല എന്ന സാമൂഹ്യ പ്രവർത്തകയും വസന്ത പ്രമോദ് എന്ന അഭിഭാഷകയും എന്നെ കാണാൻ വന്നിരുന്നു. ഞാൻ ഇടതുപക്ഷ പ്രവർത്തകയാണ്, ഈ കേസിൽ പരാതിക്കാരി കുറ്റം ചെയ്തിട്ടില്ല, അവരുടെ ഭാഗത്താണ് നീതി എന്ന് ബോദ്ധ്യമായതുകൊണ്ടാണ് ഞാൻ എം.എൽ.എ.-യെ കാണാൻ വന്നത് എന്നാണ് അഭിഭാഷക എന്നോട് പറഞ്ഞത്. ഞാൻ അവരെ വിശ്വസിക്കുകയും എല്ലാവിധ സഹായങ്ങളും ചെയ്യാമെന്ന് പറയുകയും ചെയ്തു. അവർ ആവശ്യപ്പെട്ടതനുസരിച്ച് അടുത്ത ദിവസം തൃശ്ശൂരിലെ എല്ലാ പത്രക്കാരെയും വിളിച്ച് 11 മണിക്ക് പത്രസമ്മേളനം അറേഞ്ച് ചെയ്തു.

വടക്കാഞ്ചേരിയിലെ ഒരു വനിതാ കൗൺസിലറെ ചുമതലപ്പെടുത്തി ടാക്സി വിളിച്ച് അഭിഭാഷകയെ കാണാൻ ചെന്നപ്പോൾ വടക്കാഞ്ചേരിയിലെ നഗരസഭാ കൗൺസിലർമാരായ അഡ്വ. മനോജ്, അരവിന്ദാക്ഷൻ, അഡ്വ. മധു അമ്പലപുരം എന്നിവരുടെ നേതൃത്വത്തിൽ കേസ് അവിടെ ഒത്തുതീർപ്പാക്കുകയും നിങ്ങളോടൊപ്പം ഞാൻ വരുന്നില്ല എന്നുപറയുകയുമാണ് ചെയ്തത്. അവിടെവച്ച് അവർ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് തലകറങ്ങി വീഴുകയും വടക്കാഞ്ചേരി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. തൃശ്ശൂരിലെ പത്രക്കാരെല്ലാം വടക്കാഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് പോയി. അവിടെ ചെന്നപ്പോൾ ഈ സ്ത്രീ അപ്രത്യക്ഷയാവുകയാണുണ്ടായത്. അതിനുശേഷം ഞാൻ നിരവധി തവണ അവരെ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും അവരെ കണ്ടെത്താൻ കഴിഞ്ഞില്ല. അത്താണിയിലെ അവരുടെ വീട്ടിൽ ചെന്നപ്പോൾ വീട് പൂട്ടിക്കിടക്കുകയായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം ദുരൂഹതകളുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പേരാമംഗലം സർക്കിൾ ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അന്വേഷിക്കണ്ടേ? ഈ പരാതി ഇപ്പോൾ അന്വേഷിക്കുന്നത് ഗുരുവായൂരിലെ എ.സി.പി.-യാണ്. അദ്ദേഹവും തൃശ്ശൂരിലെ സിറ്റി പോലീസ് കമ്മീഷണറും ദൈനംദിനം ഈ കേസ്

വാച്ച് ചെയ്തിരുന്നവരാണ്. സ്പെഷ്യൽ ബ്രാഞ്ച് അന്വേഷിച്ച് ഈ സ്ത്രീയുടെ ഭാഗത്താണ് തെറ്റ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണത്തിന് നേതൃത്വം കൊടുത്ത ആളുകൾതന്നെ അന്വേഷിച്ചാൽ ഈ കേസ് തെളിയിക്കാൻ കഴിയുമോ? വസന്ത പ്രമോദ് എന്ന അഭിഭാഷക കുറ്റം ചെയ്ത ആളുകളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്നും തന്റെ കക്ഷിയ്ക്ക് നീതി വാങ്ങിക്കൊടുക്കുമെന്നും എനിക്ക് ഉറപ്പ് നൽകിയിട്ടുപോലും ഇത്തരത്തിലുള്ള കേസ് സെറ്റിൽ ചെയ്യാൻ ശ്രമിച്ചത് ഒരു കോടതിയിലും ന്യായീകരിക്കാൻ കഴിയുന്നതല്ല. അവർക്കെതിരെയും അന്വേഷണം വേണം. അതുപോലെ പേരാമംഗലം സി.ഐ., മെഡിക്കൽ കോളേജിലെ പോലീസ് ഇൻസ്പെക്ടർ, ഗുരുവായൂർ എ.സി.പി., സിറ്റി പോലീസ് കമ്മീഷണർ തുടങ്ങിയവരെയൊക്കെ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം. പീഡനത്തിനുശേഷം പരാതിക്കാരി നാട്ടിൽ നിൽക്കാൻ കഴിയാതെ ഗൾഫിലേക്ക് പോയി. അവർ പോയതിനുശേഷം അവരുടെ നഗ്നചിത്രം മൊബൈൽ ഫോണിൽ എഡിറ്റ് ചെയ്ത് ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തു. ജയന്തന്റെ കൂട്ടാളികൾ ഈ സ്ത്രീയുടെ ഭർത്താവിന്റെ പേരിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. ഈ പരാതിയുടെ ഭാഗമായി പോലീസ് ആ സ്ത്രീയെ വിളിച്ചുവരുത്തി മഹേഷിന്റെ

പേരിലെടുത്ത കള്ളക്കേസ് ഒത്തുതീർപ്പാക്കിവിട്ടു. അന്ന് വൈകുന്നേരം അരവിന്ദാക്ഷന്റെ നേതൃത്വത്തിൽ നാല് ആളുകൾ ഈ സ്ത്രീയെ അമ്പലത്തിനുസമീപംവച്ച് അസഭ്യം പറയുകയും വെല്ലുവിളിക്കുകയും ചെയ്തു. അങ്ങനെ നിരന്തരമായി നിരവധി വിഷയങ്ങളുമായി മുന്നോട്ടുപോയ കേസാണിത്. ഈ കേസ് ലാഘവ ബുദ്ധിയോടെ ഒറ്റ വരി പ്രമേയമായി എഴുതിത്തള്ളാൻ കഴിയുമോ? ഇത്രയേറെ അപമാനകരമായ രീതിയിലാണ് കേസ് നടക്കുന്നത്. ശ്രീ. ജയന്തൻ അദ്ദേഹത്തിന്റെ ഫെയ്സ് ബുക്കിൽ "ആണായി പിറന്നവന്റെ കൈയിൽ ആഭ്യന്തരം കിട്ടിയാൽ പ്രതി ആസാമിലായാലും പിടിക്കും" എന്ന് പോസ്റ്റ് ചെയ്തിട്ടുണ്ട്. ഫെയ്സ് ബുക്ക് പോസ്റ്റിംഗിലെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ എന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ സ്ത്രീകൾക്കുനേരെയും 90 വയസ്സുകഴിഞ്ഞ വൃദ്ധകൾക്കുനേരെയും ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ ഉണ്ടാകുന്നുണ്ട്.

<u>മി. സ്പീക്കർ</u> : പ്ലീസ്.... പത്ത് മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. അനിൽ അക്കര</u> : ഈ വിഷയം രാഷ്ട്രീയമായി ഉപയോഗിക്കാൻ കിട്ടുന്ന ആയുധമായിട്ടുപോലും ഞാൻ എന്റെ സത്യസന്ധത കൊണ്ടും എന്റെ

സഹോദരിയെപ്പോലെ ഈ സ്ത്രീയെ കണ്ടതുകൊണ്ടും ഞാനിത് ഒരു തരിപോലും രാഷ്ട്രീയമായി ഉപയോഗിക്കാതെ മുന്നോട്ടുപോയ പൊതുപ്രവർത്തകനാണ്. ഞാൻ താമസിക്കുന്നത് വടക്കാഞ്ചേരിയിലാണ്. ഞാൻ മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീൻ, ശ്രീ. പി. കെ. ബിജു എം.പി., കെ.പി.എ.സി. ലളിത എന്നിവരെല്ലാം വടക്കാഞ്ചേരിക്കാരാണ്. ഇത്തരം വിഷയങ്ങളിൽ ഇടപെടാൻ പ്രാപ്തിയുള്ള ആളുകൾ വടക്കാഞ്ചേരിയിൽ താമസിക്കുമ്പോൾ ഇത്തരത്തിലുള്ള ദുരനുഭവം എന്റെ സഹോദരിക്കോ നിങ്ങളുടെ സഹോദരിക്കോ ഉണ്ടായാൽ നമ്മളെങ്ങനെയാണ് പ്രതികരിക്കുക.

മി. സ്പീക്കർ : പ്ലീസ്.... 11 മിനിട്ട് ആയി.

ശ്രീ. അനിൽ അക്കര : അതുകൊണ്ട് നമുക്ക് രാഷ്ട്രീയവും കക്ഷി രാഷ്ട്രീയ വിഷയങ്ങളും മാറ്റിവച്ച് നമ്മുടെ അമ്മയ്ക്കോ സഹോദരിക്കോ മകൾക്കോ ഉണ്ടായ അനുഭവം എന്നതുപോലെ ഈ വിഷയം നെഞ്ചിലേറ്റി അന്വേഷിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കേസിനാസ്പദമായ ഉദ്യോഗസ്ഥൻമാരെ അന്വേഷണത്തിൽനിന്ന് മാറ്റിനിർത്തി എ.ഡി.ജി.പി. റാങ്കിലുള്ള വനിതാ ഉദ്യോഗസ്ഥയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): സർ, ഞാൻ അഞ്ച് കാര്യങ്ങളാണ് മറുപടിയിൽ പറഞ്ഞത്. അതിൽ ഒരു കാര്യംമാത്രം തെറ്റാണെന്നാണ് ശ്രീ. അനിൽ അക്കര പറഞ്ഞത്. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. അനിൽ അക്കര: സർ, ബഹുമാനപ്പെട്ട സ്പീക്കർ നിർബന്ധിച്ചതുകൊണ്ടാണ് ഞാൻ അവസാനിപ്പിച്ചത്.

മി. സ്പീക്കർ: സ്പീക്കർ നിർബന്ധിച്ചതല്ല. 10-11 മിനിട്ട് ആയതുകൊണ്ട് പറഞ്ഞതാണ്. മാത്രമല്ല, രാവിലെ എന്നോട് പറഞ്ഞത് 10 മിനിട്ട് മതിയെന്നാണ്. താങ്കൾ വളരെ നന്നായി കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. കെ ബാലൻ: അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ആദ്യത്തെ ഒരു കാര്യത്തിനാണ് പ്രാധാന്യമുള്ളത്. ബാക്കിയുള്ള കാര്യങ്ങൾ സംബന്ധിച്ച് വിശദീകരിച്ചപ്പോൾ പ്രതിഷേധം ഉണ്ടായിരുന്നെങ്കിൽ അത് പറയുമായിരുന്നെന്നാണ് ഞാൻ സൂചിപ്പിച്ചത്. ആദ്യത്തെ കാര്യത്തിൽ രണ്ട് ഫാക്ച്വൽ എറർ എന്റെ മറുപടിയിലുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ഒന്ന്, തൃശ്ശൂർ വടക്കാഞ്ചാരി സ്വദേശിനിയായ 34 വയസ്സുള്ള യുവതിയെ 2014 ഏപ്രിൽ

മാസം അവസാന ആഴ്ചയിലെ ഒരുദിവസം ഉച്ചയ്ക്ക് ഒരുമണിയോടെ തലപ്പിള്ളി താലൂക്ക് മിണാലൂർ വില്ലേജ് പറങ്ങനാട് വീട്ടിൽ ജയന്തൻ, യുവതിയുടെ ഭർത്താവിന് അപകടം സംഭവിച്ചെന്നും ഉടൻ കാറിൽ ചെല്ലണമെന്നും ഫോണിൽ അറിയിച്ചതിനെത്തുടർന്ന് ജയന്തൻ, ജയന്തന്റെ അനുജൻ തുടങ്ങിയ നാലുപേർ കാറിൽ കൂട്ടിക്കൊണ്ടുപോയെന്നാണ് ഞാൻ പറഞ്ഞത്. ഫെബ്രുവരി എന്നല്ല, 2014 ഏപ്രിൽ മാസമെന്നുതന്നെയാണ് പറഞ്ഞത്, കാരണം എഴുതിത്തയ്യാറാക്കിയ സ്റ്റേറ്റ്മെന്റാണ്. രണ്ട്, 13-8-2016-ലെ പരാതി തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ IPC 376 (d), 566(1) വകുപ്പുകൾ പ്രകാരം ക്രൈം 1651/16 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടരന്വേഷണം പേരാമംഗലം പോലീസ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതുമാണ്. ഇതാണ് സത്യസന്ധമായിട്ടുള്ള കാര്യം. എന്റെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ ഒരു ഫാക്ച്വൽ എററും സംഭവിച്ചിട്ടില്ല. ഇപ്പോൾ അന്വേഷിക്കുന്നത് എ.സി.പി., ഗുരുവായൂർ ആണ്. ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മെമ്പർക്ക് എഴുതിയും മൊഴിയായും xxxxxxxxxxxxxxxxx.[1] ....(ബഹളം).....

1 പിൻവലിച്ചു

മി. സ്പീക്കർ: അദ്ദേഹം മറുപടി പറയട്ടെ. ......(ബഹളം).....പറഞ്ഞ് പൂർത്തീകരിക്കട്ടെ....ദയവായി ഇരിക്കൂ. പ്ലീസ്...... ദയവായി അദ്ദേഹം പൂർത്തീകരിക്കട്ടെ.....(ബഹളം)..... മറുപടി പൂർത്തീകരിച്ചിട്ടില്ല. പ്ലീസ്....

ശ്രീ. എ. കെ ബാലൻ: ഇൻവെസ്റ്റിഗേഷന്റെ ഭാഗത്തുനിന്നും എന്തെങ്കിലും കുറവ് വരുന്നെങ്കിൽ .....(ബഹളം)..... ആദ്യം ഞാൻ പറയുന്നത് കേൾക്കൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരംഗം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അതിന്റെ വിശദാംശങ്ങൾ xxxxxxxxxxx[2] ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മര്യാദയാണോ; ശരിയായ നടപടിയാണോ?

ശ്രീ. എ. കെ. ബാലൻ: ഞാൻ പറയുന്നത് കേൾക്കൂ. അന്വേഷണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ......(ബഹളം)...... പ്രതിപക്ഷ നേതാവ് ഞാൻ പറയുന്നത് കേൾക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. എ. കെ. ബാലൻ: അടിയന്തരപ്രമേയത്തിൽ പോയിന്റ് ഓഫ് ഓർഡറില്ല....(ബഹളം).....

---

2 പിൻവലിച്ചു

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ വിശദീകരണം കഴിയട്ടെ. അദ്ദേഹം ഉദ്ദേശിച്ചതെന്താണെന്ന് പറയട്ടെ. മന്ത്രി ഉദ്ദേശിച്ചത് പറയൂ .......... (ബഹളം).....

ശ്രീ. എ. കെ. ബാലൻ: വാചകം പൂർത്തീകരിക്കട്ടെ. ഞാൻ പറയുന്നത് കേൾക്കു. പറയുന്നതിൽ തെറ്റുണ്ടെങ്കിൽ നിങ്ങൾ പറയൂ. അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രൂപത്തിലുള്ള പരാതിയുണ്ടെങ്കിൽ എ.സി.പി.-യെ അറിയിക്കണ്ട; ഗവൺമെന്റിനെ അറിയിച്ചോളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ മന്ത്രി അങ്ങനെ ഉദ്ദേശിച്ചുപറഞ്ഞതല്ല, അങ്ങത് പിൻവലിക്കണം. സഭയിലെ ഒരംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടന്ന ക്രൂരമായ കൂട്ട ബലാൽസംഗത്തെക്കുറിച്ച് ഉത്തരവാദിത്വത്തോടെ പറഞ്ഞപ്പോൾ xxxxxxxxx[3] പറയുന്നത് സാമാന്യമര്യാദയാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ ബാലൻ: ഇല്ല. ഞാൻ പറയുന്നത്, പരാതി xxxxxxxxxx,[4] ഗവൺമെന്റിന് തന്നാൽ മതിയെന്നാണ്. ....(ബഹളം).....

3 പിൻവലിച്ചു
4 പിൻവലിച്ചു

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സഭയിൽ ഉന്നയിച്ച ഒരംഗത്തിന്റെ അവകാശത്തിൽ ഇടപെട്ടുകൊണ്ടാണോ സംസാരിച്ചത്? .... (ബഹളം)..... ചെയറിന്റെ അഭിപ്രായം കൂടി കേൾക്കു. സഭയിൽ ഒരംഗം ഉന്നയിക്കുന്ന കാര്യങ്ങൾ മുഖവിലയ്ക്കെടുക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ പ്രശ്നമതല്ല. ഈ സഭയിലെ ഉത്തരവാദിത്വപ്പെട്ട ഒരംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടന്ന കൂട്ടബലാൽസംഗത്തെക്കുറിച്ച് പറയുമ്പോൾ, xxxxxxxxxxx[5] സഭയോടും സഭയിലെ അംഗത്തിനോടുമുള്ള അവഹേളനമാണ്. അത് പിൻവലിക്കണം..... (ബഹളം).....

ശ്രീ. എ. കെ ബാലൻ: സർ, ഞാനത് പിൻവലിച്ചു.....(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചു.

ശ്രീ. എ. കെ ബാലൻ: തെറ്റായ ധാരണയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പരാമർശം നടത്തിയത്. ഞാനത് മുഖവിലയ്ക്കെടുക്കുന്നു. xxxxxxxxxx[6]....(ബഹളം).....

മി. സ്പീക്കർ: അംഗം പറഞ്ഞത് മുഖവിലയ്ക്കെടുക്കുന്നുവെന്നും

---

5 പിൻവലിച്ചു

6 പിൻവലിച്ചു

അദ്ദേഹത്തിന്റെ പരാമർശം പിൻവലിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കെ ബാലൻ: ബഹുമാനപ്പെട്ട മെമ്പർ കുറച്ച് കാര്യങ്ങൾ പുതിയതായി പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം ഗവൺമെന്റ് മുഖവിലയ്ക്കെടുക്കുന്നു. അദ്ദേഹത്തിന് ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യെ ഉത്തമവിശ്വാസത്തിലെടുത്തുകൊണ്ടും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: ഈ സഭയിൽ ഒരംഗം ഉത്തരവാദിത്വത്തോടെ ഒരു കാര്യം പറഞ്ഞാൽ അത് ഗവൺമെന്റ് മുഖവിലയ്ക്കെടുത്താൽ മതി, വേറെ പെറ്റീഷൻ വേണ്ട.

ശ്രീ. എ. കെ ബാലൻ: ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം രേഖയിലുണ്ട്, അതെല്ലാം ഗവൺമെന്റ് മുഖവിലയ്ക്കെടുക്കാം. അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും രൂപത്തിലുള്ള പരാതി പ്രതിപക്ഷത്തിനുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. നമ്മുടെ നാടിന്റെ യശസ്സിനും അതുപോലെ സുരക്ഷിതത്വത്തിനും ഭീതികൂടാതെ സഞ്ചരിക്കാനുള്ള

സ്വാതന്ത്ര്യത്തിനും തടസ്സമാകുന്ന ഒരു സംഭവത്തെയും സർക്കാർ നിസ്സാരമായി കാണുന്നില്ല. നമുക്കിടയിൽ ഉണ്ടായിട്ടുള്ള ഇത്തരം പ്രവണതകൾക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒന്നിച്ചാണ് നീങ്ങേണ്ടത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, മൊബൈലുകളുടെയും ഇന്റർനെറ്റിന്റേയും ദുരുപയോഗം എന്നിവമൂലം സമൂഹത്തിൽ പ്രത്യേകിച്ച് പുതിയ തലമുറയ്ക്കിടയിൽ സാമൂഹിക ബോധത്തിന് കോട്ടമുണ്ടായിട്ടുണ്ട്. ഇതിനെതിരായി ജാഗ്രതയോടെയുള്ള പ്രവർത്തനമാണ് ബോധപൂർവ്വം നമ്മൾ നടത്തേണ്ടത്. കുറ്റകൃത്യങ്ങൾ കൂടിക്കൂടിവരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് സ്ത്രീ പീഡനങ്ങളും സ്ത്രീകളെ അപമാനിക്കലും പൊതുസമൂഹങ്ങളിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനെതിരായ ശക്തമായ നിലപാടാണ് നമ്മൾ സ്വീകരിക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട റേപ്പ് വിത്ത് മർഡർ 14 എണ്ണമാണ്. റേപ്പ് 5615-ഉം molestation of women 18917-ഉം സെക്ഷൻ 304(ബി) പ്രകാരമുള്ള കേസ് 96-ഉം 498(എ) പ്രകാരമുള്ളത് 22176-ഉം ആണ്. സ്ത്രീ പീഡനങ്ങളുടെയും സ്ത്രീകളെ അപമാനിക്കുന്നതിന്റെയും ബലാത്സംഗത്തിന്റെയും കൊലപാതകത്തിന്റെയും ഭീകരമായ ചിത്രമാണിത്. ഇതിനെതിരായി ശക്തമായ നിലപാട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരുപരിധിവരെ എടുത്തിട്ടുണ്ട്.

ഇല്ലായെന്ന് ഞങ്ങൾ പറയുന്നില്ല. എല്ലാ കാര്യത്തിലും പ്രതികളെ പിടിക്കാനും കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതെങ്കിലും ഒരു പരാതിയിൽ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചുവെന്ന് സ്പെസിഫിക്കായി പ്രതിപക്ഷത്തിന് സൂചിപ്പിക്കാൻ കഴിഞ്ഞാൽ അത് ഞങ്ങൾ അംഗീകരിക്കാം. പക്ഷെ ഏറ്റവും ശക്തമായ നിലപാടാണ് ഇത്തരം കാര്യങ്ങളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ളത്. യാതൊരു സംശയവും വേണ്ട, ഏത് പാർട്ടിയിലും, നിങ്ങളിപ്പോൾ പാർട്ടിയുടെ പേര് പറഞ്ഞിട്ടില്ല വളരെ നല്ലതുതന്നെ, ഇനി പാർട്ടിയുടെ പേരുപറഞ്ഞുകഴിഞ്ഞാലും പ്രശ്നമില്ല. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഏതെങ്കിലും ഒരാളെണങ്കിലും 'ഉപ്പുതിന്നവനെ കൊണ്ട് വെള്ളം കുടിപ്പിക്കുമെന്ന് മാത്രമല്ല നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന്, X or Y ആരായാലും ഇതിന് നേതൃത്വം കൊടുക്കുന്ന അവർക്ക് പൊതുസമൂഹത്തിൽ ഒരു സ്ഥാനവുമുണ്ടാകില്ല, ഒരു പാർട്ടിയിലും അംഗത്വവുമുണ്ടാകില്ല, ഒരുതരത്തിലും അവരെയൊന്നും സംരക്ഷിക്കകയുമില്ല. ഏതെങ്കിലും രൂപത്തിൽ അത്തരം പ്രതികളെ സംരക്ഷിക്കുന്നതിനുള്ള നിലപാട് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ ആ സമയത്ത് ഇടപെടുന്നതിനും ഗവൺമെന്റിന്റെ

ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും തിരുത്തുന്നതിനുമാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് 2016 ആഗസ്റ്റിൽ യുവതി അയച്ച രജിസ്റ്റേർഡ് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മുഖ്യമന്ത്രി എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടിയാണല്ലോ ഞാൻ മറുപടി പറയുന്നത്. റിക്കോർഡ് നോക്കിയതിനുശേഷം മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളുവെന്ന് ബഹുമാനപ്പെട്ട അങ്ങേയ്ക്കറിയാമല്ലോ. ഒരു കാര്യം ഞാൻ പറയാം, ഇക്കാര്യം വളരെ സീരിയസ്സായാണ് ഗവൺമെന്റ് കാണുന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരാക്ഷേപവും പ്രതിപക്ഷത്തിന് ഇല്ലാത്ത രൂപത്തിലായിരിക്കും കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ അന്വേഷണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു രൂപത്തിലുമുള്ള പരാതിക്കുള്ള അവസരം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിയുമായി എന്തെങ്കിലും തരത്തിലുള്ള അഫിലിയേഷനുണ്ട് എന്ന കാരണത്താൽ പ്രതികളെ സംരക്ഷിക്കുന്നുവെന്ന തോന്നൽ പ്രതിപക്ഷത്തിനുണ്ടാകില്ല. അതിനുള്ള അവസരം ഗവൺമെന്റ് കൊടുക്കില്ല. ഈ ഉറപ്പിന്റെ മുകളിൽ ഈ പ്രശ്നം ഇവിടെ ചർച്ച

ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല. അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം അപമാനഭാരത്താൽ തലകുനിക്കേണ്ട ദിവസങ്ങളാണിപ്പോൾ. ഇന്നലെ ഒറ്റദിവസം കൊണ്ട് റിപ്പോർട്ട് ചെയ്തത് രണ്ട് കൂട്ടബലാത്സംഗങ്ങളും മൂന്ന് പീഡനക്കേസ്സുകളുമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കേരളം സ്ത്രീ പീഡനക്കാരുടെ പറുദീസയായി മാറുകയാണ്. ദ്രൗപതിമാർ ഇവിടെ ദിവസവും വസ്ത്രാക്ഷേപം ചെയ്യപ്പെടുകയാണ്. ഇവിടെ ദയനീയമായ....... (ബഹളം)

മി. സ്പീക്കർ: പ്ലീസ്.. പ്രതിപക്ഷനേതാവ് സംസാരിക്കുകയാണ്.. പ്ലീസ്..

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ഞങ്ങൾക്ക് പറയാനുള്ളത് പറയാൻ അനുവദിക്കുകയില്ല എന്ന നിലപാടോണോ ഭരണപക്ഷത്തിന്റേത്. അങ്ങ് ഞങ്ങൾക്ക് സംരക്ഷണം നൽകേണ്ടതല്ലേ...(ബഹളം)

മി. സ്പീക്കർ: നിശബ്ദമായിരിക്കു ...പ്ലീസ്..

ശ്രീ. രമേശ് ചെന്നിത്തല: സർ, മന്ത്രി ഇവിടെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ സശ്രദ്ധം കേൾക്കുകയായിരുന്നല്ലോ.

മി. സ്പീക്കർ: പ്ലീസ്.. അങ്ങ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ഇന്ന് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 'ലജ്ജിക്കുക കേരളമേ' മാതൃഭൂമി പത്രത്തിലെ തലക്കെട്ടാണിത്. 'സംസ്ഥാനത്ത് ഒറ്റദിവസം റിപ്പോർട്ട് ചെയ്തത് രണ്ട് കൂട്ട ബലാത്സംഗം മൂന്ന് പീഡനകേസ്'. മലയാള മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്നത് 'സി.പി.എം. നേതാവും സംഘവും ചേർന്ന് പീഡിപ്പിച്ചെന്ന പരാതിയുമായി യുവതി', 'വീട്ടമ്മയുടെ വെളിപ്പെടുത്തലിൽ അന്വേഷണത്തിന് ഉത്തരവ്', 'പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥന്മാർ' എന്നിങ്ങനെയാണ്. 'സി.പി.എം കൗൺസിലറും സംഘവും മാനഭംഗപ്പെടുത്തിയെന്ന് യുവതി'. ഇത്തരം ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ഇന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളും പുറത്തുകൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ബഹുമാന്യനായ വടക്കാഞ്ചേരി മെമ്പർ ഞങ്ങളിവിടെ രാഷ്ട്രീയം കാണുന്നില്ല എന്നുപറഞ്ഞു. ശരിയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ സ്ത്രീ പീഡനങ്ങളെ രാഷ്ട്രീയവൽക്കരിച്ചതിന് എത്രയോ ഉദാഹരണങ്ങൾ

നമ്മുടെ മുമ്പിലുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. വടക്കാഞ്ചേരിയിലുണ്ടായ ഈ സംഭവം അതീവ ഗുരുതരമായ ഒരു സംഭവമാണ്. കേരളത്തിലെ മാധ്യമങ്ങൾ മാത്രമല്ല നാഷണൽ മീഡിയ മുഴുവൻ ഇന്നലെ ഈ വാർത്തകളാണ് റിപ്പോർട്ട് ചെയ്തത്. കേരളത്തിന് അപമാനകരമായ സംഭവമാണ് ഇവിടെ ഉണ്ടായത്. ഭർത്താവിന്റെ സുഹൃത്തുക്കൾചേർന്ന് കാറിൽ കൂട്ടികൊണ്ടുപോയി ഒരു സ്ത്രീയെ പീഡിപ്പിച്ചു. അതിന്റെ വിശദാംശങ്ങളെല്ലാം ശ്രീ. അനിൽ അക്കര ഇവിടെ വിശദീകരിക്കുകയുണ്ടായി. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ട കാര്യം, ഈ മാനഭംഗം നടന്നതിനുശേഷം പോലീസിന്റെ ഭാഗത്തുള്ള നടപടികളെന്തായിരുന്നു; കേരളത്തിലെ പോലീസിന് അപമാനകരമായ നടപടിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന് ചുമതലയില്ലേ; മാനഭംഗം ചെയ്തതിനേക്കാൾ വലിയ പീഡനം പോലീസ് സ്റ്റേഷനിൽ ഈ സ്ത്രീക്കുണ്ടായി എന്നാണ് അവർ ആരോപിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. സാധാരണ സെക്ഷൻ 164 പ്രകാരം കേസ്സെടുക്കുന്നത് ഒന്നുകിൽ പ്രതിയുടെ സ്വന്തമായ അഭിപ്രായമനുസരിച്ചാകണം അല്ലെങ്കിൽ പോലീസ് ചില ഘട്ടങ്ങളിൽ 164 പ്രകാരം കേസെടുക്കാറുണ്ട്. എന്നാൽ ഇവിടെ സെക്ഷൻ 164 പ്രകാരം കേസ്സെടുത്ത സംഭവം എത്രമാത്രം ഗുരുതരമാണ്. പോലീസ്

നിർബന്ധിപ്പിച്ച് സെക്ഷൻ 164 പ്രകാരം കേസ്സെടുക്കണമെന്നാണ് ഈ കേസിൽ പറഞ്ഞിട്ടുള്ളത്. ബലാത്സംഗം ഉണ്ടായിട്ടില്ലെന്ന് വരുത്താൻവേണ്ടി പേരാമംഗലം പോലീസ് ഈ സ്ത്രീയെ നിർബന്ധിപ്പിച്ച് മൊഴികൊടുപ്പിച്ചുവെന്നുള്ളതാണ് ഇവിടത്തെ ഗുരുതരമായ പ്രശ്നം. എന്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി അയാളെ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചില്ല; ഈ വാർത്തയറിഞ്ഞപ്പോൾ എന്തുകൊണ്ട് അന്വേഷണ വിധേയമായി ആ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നില്ല? ഇവിടെ ഇന്ന് പറയുന്നത് എന്താണ്; പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നു. ഇത്രയും ഗുരുതരമായ കൃത്യവിലോപം നടത്തിയ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കേണ്ടതില്ല എന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത്. കേട്ടാലറയ്ക്കുന്ന വാക്കുകളുപയോഗിച്ചാണ് പോലീസ് ഈ സ്ത്രീയോട് സംസാരിച്ചത്. നമുക്കത് ആവർത്തിക്കാൻപോലും കഴിയില്ല. നാട്ടുകാരുടെ മുമ്പിൽ വച്ചാണ് സ്ത്രീയെ ചോദ്യം ചെയ്തത്. പേരാമംഗലം സി.ഐ.യെ ഉടനടി സസ്പെന്റ് ചെയ്യാൻ എന്തുകൊണ്ട് മുന്നോട്ടുവന്നില്ല; എന്തുകൊണ്ട് ഈ അന്വേഷണ ഉദ്യോഗസ്ഥർ അദ്ദേഹത്തിന് ക്ലീൻ ചിറ്റ് നൽകുന്നു; ഇതിന്റെ പിന്നിൽ രാഷ്ട്രീയ സമ്മർദ്ദമുണ്ട് എന്നാരെങ്കിലും വിശ്വസിച്ചാൽ അവരെ തെറ്റുപറയാൻ കഴിയുമോ? 2013-ലെ ക്രിമിനൽ നിയമ

ഭേദഗതി അനുസരിച്ച് ലൈംഗികച്ചുവയുള്ള പരാമർശം നടത്തുന്നത് പീഡനമാണ്. ഐ.പി.സി. 354(എ) പ്രകാരം ഇത് കുറ്റകരമാണ്. ഒരു വർഷം കഠിനതടവിന് ശിക്ഷിക്കപ്പെടണം. ഈ സി.ഐ.ക്ക് ഇത് ബാധകമല്ലേ; ബഹുമാന്യനായ നിയമമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ് ആ സി.ഐ.യുടെ പേരിൽ അടിയന്തരമായ നടപടി എടുക്കണം. സി.ഐ.യെ സസ്പെന്റ് ചെയ്യണം. സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഒരന്വേഷണമാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. നിങ്ങൾ അന്വേഷണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ സംഭവം നടക്കുന്ന സമയം അങ്ങ് ഇവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. വടക്കാഞ്ചേരി എം.എൽ.എ അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. സി. എൻ. ബാലകൃഷ്ണനാണ്. രണ്ടുവർഷംമുമ്പുനടന്ന ഇത്രയും പ്രമാദമായ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാനും ഈ സഭയുടെ മുമ്പാകെ കൊണ്ടുവരാനും എന്തുകൊണ്ട് സാധിച്ചില്ല; അങ്ങ് ഇപ്പോഴും ശ്രീ. അനിൽ അക്കര പറയുന്ന നിലപാടിനോടൊപ്പമാണോ? അങ്ങ് ഒന്ന് അന്വേഷിച്ചുനോക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങൊരു കാര്യം മനസ്സിലാക്കണം. സംഭവം നടന്നിട്ട് പരാതി വന്നത് 2016-ലാണ്. പരാതി ലഭിക്കാതെ പോലീസിന്

അന്വേഷിക്കാൻ കഴിയില്ല. പരാതി പോലീസിൽ കിട്ടാതെ പോലീസ് എങ്ങനെ അന്വേഷിക്കും. ........(ബഹളം)........

മി. സ്പീക്കർ : പ്ലീസ്....... പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴെങ്കിലും നിങ്ങൾ അടങ്ങിയിരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: മി. ജയരാജൻ, അന്ന് അങ്ങേയ്ക്ക് തൃശ്ശൂർ ജില്ലയിലെ പാർട്ടിയുടെ ചുമതലയുണ്ടായിരുന്നല്ലോ. എന്നിട്ടും ജയന്തൻ ഉൾപ്പെടെയുള്ള ആളുകളെ അങ്ങ് എന്തിനാണ് സംരക്ഷിച്ചത്? അങ്ങേയ്ക്ക് തൃശ്ശൂർ ജില്ലയിൽ പാർട്ടി ചാർജ്ജുണ്ടായിരുന്നല്ലോ. അങ്ങ് എന്തുകൊണ്ട് അവരെയാരെയും പുറത്താക്കിയില്ല?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2014-ൽ നടന്നൊരു സംഭവത്തിന്മേൽ 2016-ൽ പരാതി വരുന്നു. 2016-ന് പരാതി വന്നതിനുശേഷം ഈ വിഷയം ഗവൺമെന്റ് ഗൗരവത്തിലാണ് കാണുന്നത്. താങ്കളുടെ കാലത്ത് ബലാൽസംഗവുമായി ബന്ധപ്പെട്ട് 376 പ്രകാരം എഫ്.ഐ.ആർ. ഇട്ടിട്ടുപോലും പ്രതിയെ പിടിച്ചിട്ടില്ലല്ലോ. ....(ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പരാതി വന്നിട്ടുണ്ടെങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സംശയവും

വേണ്ട. ഇവിടെ പ്രശ്നം അതല്ലല്ലോ. ....(ബഹളം)......

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ന് ശ്രീ. അനിൽ അക്കര ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. അതിന് യാതൊരു തർക്കവുമില്ല. പക്ഷെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ നിയമസഭയിൽ അംഗമായിരുന്ന ഒരു മുൻ എം.എൽ.എ.യ്ക്കെതിരായി വളരെ ഗുരുതരമായ ആരോപണം ഉയർന്നുവന്നു. ആ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത്; ആ പരാതി യഥാർത്ഥത്തിൽ സർക്കാർ മുക്കുകയല്ലേ ചെയ്തത്?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പറഞ്ഞ വിഷയത്തിൽ വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. ഈ സംഭവമുണ്ടായതിനുശേഷം ആ സ്ത്രീ ജീവിക്കാൻവേണ്ടി ഗൾഫിൽ പോയി. അതിനുശേഷം ഇവരുടെ ഭർത്താവിന്റെ പേരിൽ പോലീസ് കേസെടുത്തു. 2016 ജൂലൈ 17-നാണ് ഈ സ്ത്രീ നാട്ടിൽ വരുന്നത്. എന്നിട്ടാണ് ഈ സ്ത്രീ പരാതി കൊടുക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സ്ത്രീ പരാതി കൊടുത്ത സമയത്ത് പോലീസ് അന്വേഷിച്ചോ എന്നതാണ് ഇവിടത്തെ പ്രശ്നം. പേരാമംഗലം സി.ഐ മൊഴിമാറ്റി പറയാൻ സമ്മർദ്ദം ചെലുത്തുന്നു എന്നതാണ് പ്രശ്നം. അവരെ വാക്കുകൾകൊണ്ട് നോവിക്കുന്ന, ഇന്ത്യയിലെ പുതിയ ശിക്ഷാ നിയമങ്ങളനുസരിച്ച്

അങ്ങനെ ചെയ്യുകയാണെങ്കിൽ making sexually coloured remarks... അങ്ങനെയുണ്ടെങ്കിൽപ്പോലും അത് കുറ്റകരമായ കാര്യമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ making sexually coloured remarks കുറ്റകരമായ കാര്യമാണ്. അങ്ങയുടെ ഡി.ജി.പി. ഋഷിരാജ് സിംഗ് പറഞ്ഞല്ലോ 14 സെക്കന്റ് ഒരു സ്ത്രീയെ നോക്കിനിന്നാൽ അതുപോലും കുറ്റകരമാണെന്ന്. ഈ സ്ത്രീയോട് അപമാനകരമായി പെരുമാറിയ സർക്കിൾ ഇൻസ്പെക്ടറെ എന്തുകൊണ്ട് ഗവൺമെന്റ് സസ്പെന്റ് ചെയ്തില്ല. ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞല്ലോ, ഈ മുനിസിപ്പൽ കൗൺസിലർമാരുടെ പേരിൽ എന്തുകൊണ്ട് പാർട്ടി നടപടി എടുക്കുന്നില്ല? കളമശ്ശേരിയിലെ സക്കീർഹുസൈന്റെ പേരിൽ എന്തുകൊണ്ട് നടപടി എടുക്കുന്നില്ല? എല്ലാ കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാട് പാർട്ടി എടുക്കുന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. കളമശ്ശേരിയിലെ സക്കീർ ഹുസൈനും, വടക്കാഞ്ചേരിയിലെ ഈ പ്രതികളും.......(ബഹളം).......

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. അനിൽ അക്കരയും ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. അതുകൊണ്ടുതന്നെ ഞങ്ങളെല്ലാം അത് വളരെ ഗൗരവമായി കേട്ടിരുന്നു. അതിന്മേൽ

അങ്ങ് പറയുന്നതുപോലെ ശക്തമായ നടപടി ഉണ്ടാകണം. അതിന് യാതൊരു തർക്കവുമില്ല. പക്ഷെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ നിയമസഭയിലെ യു.ഡി.എഫ്. എം.എൽ.എ.യുടെ പേരിൽ എഫ്.ഐ.ആർ. ഇട്ടു. എന്നിട്ട് എന്തെങ്കിലും നടപടിയുണ്ടായോ?....(ബഹളം).....

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, എന്തുകൊണ്ട് പേരാമംഗലം സി.ഐ.യെ നിങ്ങൾ സസ്പെന്റ് ചെയ്യുന്നില്ല. ഈ അന്വേഷണം നിങ്ങൾ ഏൽപ്പിച്ചത് ഗുരുവായൂർ എ.സി.പി. യെയാണ്. സാധാരണ ഗതിയിൽ ഒരു കൂട്ട ബലാൽസംഗമുണ്ടായാൽ, ആരോപണമുണ്ടായാൽ ഒരു വനിത എ.ഡി.ജി.പി. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം എന്തുകൊണ്ട് ബഹുമാന്യനായ മന്ത്രി അംഗീകരിക്കുന്നില്ല. അപ്പോൾ ഈ ഗവൺമെന്റിന് കുറ്റവാളികളെ സംരക്ഷിക്കണമെന്ന നിർബന്ധ ബുദ്ധിയുണ്ട് എന്നുള്ളതാണ്. ഇതിനകത്ത് ഞങ്ങൾ രാഷ്ട്രീയം കാണുന്നില്ല. പക്ഷെ ഗവൺമെന്റ് രാഷ്ട്രീയം കാണുന്നു. അല്ലെങ്കിൽ ഒരു വനിത എ.ഡി.ജി.പി.യെക്കൊണ്ട് എന്തുകൊണ്ട് അന്വേഷിപ്പിക്കുന്നില്ല? ഇന്നലെ കേരളത്തിലെ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് ഈ കാര്യം പുറത്തുകൊണ്ടുവന്നത്. അവരെ നേരിൽ കണ്ട് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി ഭാഗ്യലക്ഷ്മി പത്രസമ്മേളനത്തിൽ

ഈ കാര്യങ്ങൾ പറഞ്ഞത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. കെ. മുരളീധരനെതിരായി പ്രവർത്തിച്ച ആളാണ് ശ്രീമതി ഭാഗ്യലക്ഷ്മി. അവരേതായാലും കോൺഗ്രസുകാരിയാണെന്ന് ആരും പറയില്ലല്ലോ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവിൽ ശ്രീമതി സീമയ്ക്കുവേണ്ടി വോട്ടുപിടിച്ച ആളാണ് ശ്രീമതി ഭാഗ്യലക്ഷ്മി. അവരാണ് ഈ ആളുകളെ മുഴുവൻകൊണ്ട് ഈ പ്രശ്നം അവതരിപ്പിച്ചത്. ഇവിടെ സ്ത്രീകളുടെ സ്വകാര്യത നിയമപാലകർ കാത്തുസൂക്ഷിക്കുന്നില്ല. മാനഭംഗകേസുകളിൽ സ്ത്രീകളുടെ അന്തസ്സ് ഇടിയാതെ നോക്കേണ്ടത് പോലീസിന്റെ കടമയാണ്. നിയമപാലകരുടെ അടുത്തല്ലാതെ മറ്റെവിടെയാണ് ഇവർ പോകേണ്ടത്. രണ്ടുവർഷമായി ഈ സ്ത്രീ വേട്ടയാടപ്പെടുകയാണ്. അവർക്ക് നാടുവിട്ടുപോയി ഒളിച്ചുതാമസിക്കേണ്ടി വന്നു. അതിക്രമം നടത്തിയവർ നാട്ടിൽ വിലസുകയാണ്. അതെല്ലാം സി.പി.ഐ.(എം)-ന്റെ നേതാക്കൻമാരാണ് എന്നുള്ളതുകൊണ്ട് അവർക്കിപ്പോൾ രാഷ്ട്രീയ സംരക്ഷണം ലഭിക്കുകയാണ്. അതാണ് ഇവിടത്തെ ഗുരുതരമായ പ്രശ്നം. പാലക്കാട് നെല്ലായി സ്വദേശിയായ ബിരുദ വിദ്യർത്ഥിനിയെ പ്രണയത്തിൽ കുരുക്കി കൊല്ലത്തെത്തിച്ച് യുവാവും സുഹൃത്തുക്കളുമായി ചേർന്ന് പീഡിപ്പിച്ചു, കാലടിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു, കോതമംഗലത്ത്

പതിനേഴുകാരിയായ കോളേജ് വിദ്യാർത്ഥിനിയെ രാത്രിയിൽ അജ്ഞാതരായ ആളുകൾ പീഡിപ്പിക്കുന്നു, പിറവത്ത് നഗ്നത പുലർത്തിയശേഷം വീട്ടമ്മയെ പാസ്റ്റർ പീഡിപ്പിക്കുന്നു. എന്താണ് കേരളത്തിൽ നടക്കുന്നത്; എന്തുകൊണ്ട് ഇങ്ങനെ നടക്കുന്നു? നിർഭയ കേസിനുശേഷം ജസ്റ്റിസ് വർമ്മ കമ്മിറ്റി പ്രധാനമായും ചൂണ്ടിക്കാണിച്ചത് ഭരണനിർവ്വഹണ രംഗത്തെ വീഴ്ചകളാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാനുള്ള കാരണം എന്നാണ്. ഇവിടെ പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നടക്കാത്തതുകൊണ്ടാണ് ഇത്തരം പീഡനങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നതിന് പ്രധാനപ്പെട്ട കാരണം. ഇവിടെ ജിഷ വധക്കേസുണ്ടായപ്പോൾ പറഞ്ഞു, കേരളത്തിൽ ഇനി ഒരു സ്ത്രീക്കും ഇങ്ങനെയൊരനുഭവം ഉണ്ടാകരുത്. എന്നെല്ലാം പ്രചരണമായിരുന്നു. ഇന്ന് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സ്വതന്ത്രമായി യാത്രചെയ്യാൻപോലും കഴിയാത്ത ഭീകരമായ അവസ്ഥയാണുള്ളത്. അങ്ങ് പറഞ്ഞതുപോലെ കണക്കുകളും എണ്ണവുമൊന്നും ഞാൻ പറയുന്നില്ല. ശ്രീ. എ. കെ. ബാലൻ കണക്കുകൾ പറഞ്ഞു. നാലുമാസത്തെ കണക്കുകൾ പരിശോധിച്ചാൽ മതി. നാലുമാസത്തെ ഞങ്ങളുടെ ഭരണകാലവും നാലുമാസക്കാലത്തെ എൽ.ഡി.എഫ്.ന്റെ ഭരണകാലവും പരിശോധിച്ചുനോക്കണം. സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചിട്ടുണ്ടോ, മോഷണങ്ങൾ

വദ്ധിച്ചിട്ടുണ്ടോ, കൊലപാതകങ്ങൾ വർദ്ധിച്ചിട്ടുണ്ടോ തുടങ്ങിയ കണക്കുകൾ എസ്.സി.ആർ.ബി.യിൽ ഉണ്ടല്ലോ. അങ്ങ് അത് വാങ്ങി പരിശോധിക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രി പരിശോധിക്കട്ടെ. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായിട്ടുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നു, കൊലപാതകങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും മോഷണങ്ങളും വർദ്ധിച്ചുവരുന്നു. ക്വട്ടേഷൻ സംഘങ്ങൾ അരങ്ങ് തകർക്കുന്നു, തിമിർത്താടുന്നു. പോലീസ് നോക്കുകുത്തികളായി മാറുന്നു. ഈ പ്രതികൾക്ക് മുഴുവൻ രാഷ്ട്രീയ സംരക്ഷണം കൊടുക്കാൻ സി.പി.ഐ.(എം) മുന്നോട്ടുവരുന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. നിങ്ങൾ ഇന്നിവിടെ വരുന്നതിനുമുമ്പ് ഇവരെ പാർട്ടിയിൽനിന്നും സസ്പെന്റ് ചെയ്തിരുന്നുവെങ്കിൽ മി. ബാലൻ, ഞാൻ നിങ്ങളെ അഭിനന്ദിക്കുമായിരുന്നു. ഈ നാല് ക്രൂരകൃത്യങ്ങൾ ചെയ്ത ആളുകളെ, മുൻസിപ്പൽ കൗൺസിലർമാരായി സി.പി.ഐ.(എം)-ന്റെ ബാനറിൽ ജയിച്ച ആളുകളെ നിങ്ങൾ സംരക്ഷിക്കുന്നു. അത് അപമാനകരമായ കാര്യമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട്

പുറത്തുപോയി.)

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, അപമാനകരമാം വിധം രോഗാതുരമായ ഒരു സാമാജികഘടന അനാവരണം ചെയ്യപ്പെടുന്ന നൊമ്പരമാണ് ഇന്ന് ഈ സഭ ഏറ്റുവാങ്ങുന്നത്. നാം എവിടെയാണ് നിൽക്കുന്നതെന്ന് സ്വയം വിമർശനത്തോടെ ചോദ്യം ഉയർത്തേണ്ട സമയമാണ്. നമ്മുടെ പുരോഗമന നാട്യങ്ങൾ എത്ര ദുർബലമാണെന്ന് നാം ഇന്ന് തിരിച്ചറിയുകയാണ്. നമ്മുടെ നവകേരള ഭാവനയുടെ ഭീതിതമായ ഈ പതനം മാനവിക ആശയങ്ങൾക്ക് സംഭവിച്ച അപചയത്തിന്റെ സാക്ഷ്യപത്രമാണ്. സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ പെരുകുന്ന കുറ്റകൃത്യങ്ങൾ ശമിപ്പിക്കാൻ കർക്കശമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ നിർഭാഗ്യകരമായ സംഭവത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭ വിട്ടിറങ്ങുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ്: സർ, കേരളത്തിന് അപമാനമുണ്ടാക്കിയ; കേരളത്തിന് നാണക്കേട് വിളിച്ചുവരുത്തുന്നതാണ് ഈ സംഭവങ്ങൾ. ഈ കാര്യത്തിൽ ഗവൺമെന്റ് എന്ത് സമീപനം സ്വീകരിക്കുമെന്നും നടപടിയെടുക്കാത്ത

ഉദ്യോഗസ്ഥന്മാരുടെമേൽ നടപടിയുണ്ടാകുമോ എന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായ മറുപടി പറയാൻ സാധിച്ചിട്ടില്ല. ഇത് കേരളമാണ്. സംസ്കാര സമ്പന്നമായ ഈ കേരളത്തിൽ സമീപ ദിവസങ്ങളിലും ആഴ്ചകളിലും മാസങ്ങളിലുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അതീവഗുരുതരമായ ഈ സാഹചര്യം, സ്ത്രീകളുടെ മേൽ നടക്കുന്ന ഈ ആക്രമണങ്ങൾ, അത് കൈയും കെട്ടി നോക്കിനിൽക്കുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം അത്യന്തം ഗൗരവമായിട്ടുള്ളതാണ്. നമ്മുടെ നാട്ടിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഇന്ന് ഇപ്പോൾ ഇക്കാര്യത്തിൽ, ഒരു ദിവസം തന്നെ അഞ്ചാറു കേസുകൾ ഇവിടെ പറയേണ്ട ഗതികേട് വന്നു. അതിനെപ്പറ്റി ഒട്ടേറെ വ്യത്യസ്ത അഭിപ്രായങ്ങളും വീഴ്ചകളെ സംബന്ധിച്ച് അഭിപ്രായങ്ങളുമൊക്കെയുണ്ട്. ഈ സാഹചര്യത്തിൽ ഇത് വിശദമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. പ്രത്യേകിച്ച് പോലീസിന്റെ ഭാഗത്ത്

നിന്നുള്ളതായ വീഴ്ച വളരെയേറെ ആളുകൾ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. ഭരണക്കാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടെന്ന് പൊതുവെ ജനങ്ങൾ സംശയിക്കുന്നു. ഈ സാഹചര്യത്തിൽ ചർച്ച ആവശ്യമാണ്. ആ ചർച്ച നടക്കാതെ പോയതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)